"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

2023-24 വർഷത്തേയ്ക്ക് സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾക്കും, അച്ചടിശാലകൾക്കും ആവശ്യമായ കടലാസുകൾ, എസ്.എസ്.എൽ.സി./ വി.എച്ച്.സി. എന്നീ പരീക്ഷകൾക്കാവശ്യമായ ഉത്തരക്കടലാസ് ബുക്കുകൾ എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ 15000 റീം മാപ്ലിത്തോ പേപ്പർ (75 ജി.എസ്.എം, ആർ.എ1) വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.130/2023/SPD തീയതി,തിരുവനന്തപുരം, 30-10-2023

---

പരാമർശം:-
1. 20.07.2023-ലെ സ.ഉ.(സാധാ) 71/2023/SPD നമ്പർ സർക്കാർ ഉത്തരവ്
2. സ്റ്റേഷനറി കൺട്രോളറുടെ 07.09.2023-ലെ 1174/ബി1/2023/സ്റ്റേ നമ്പർ കത്ത്.
3. 16.10.2023-ലെ ഡിപിസി യോഗനടപടി കുറിപ്പ്.

**ഉത്തരവ**

2023-24 വർഷത്തേയ്ക്ക് സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾക്കും, അച്ചടിശാലകൾക്കും ആവശ്യമായ കടലാസുകൾ, എസ്.എസ്.എൽ.സി./ വി.എച്ച്.സി. എന്നീ പരീക്ഷകൾക്കാവശ്യമായ ഉത്തരക്കടലാസ് ബുക്കുകൾ എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ 15000 റീം മാപ്ലിത്തോ പേപ്പർ (75 ജി.എസ്.എം, ആർ.എ1) 3,45,00,000/ രൂപ ചെലവഴിച്ച് വാങ്ങുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

(2) പ്രസ്തുത പേപ്പർ വാങ്ങുന്നതിനായി പേപ്പർ മില്ലുകൾ/വിതരണക്കാർ എന്നിവരിൽ നിന്നും വകുപ്പ് e-procurement പോർട്ടലിലും, GeM പോർട്ടലിലും ദർഘാസുകൾ ക്ഷണിച്ചിരുന്നു. L1 നിരക്കായ 1746.21 രൂപ/റീം അനുസരിച്ച് 15000 റീം മാപ്ലിത്തോ പേപ്പർ 75 ജി.എസ്.എം., ആർ എ1 വാങ്ങുമ്പോഴുള്ള ആകെ ചെലവ് (+5% ക്വാണ്ടിറ്റി ടോളറൻസോടു കൂടി) 2,75,02,808/രൂപ (രണ്ടു കോടി എഴുപത്തിയഞ്ച് ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി എട്ട് രൂപ മാത്രം) സ്റ്റേഷനറി കൺട്രോളറുടെ സാമ്പത്തികാധികാര പരിധി (50 ലക്ഷം) അധികരിക്കുന്നതാകയാൽ പ്രസ്തുത പേപ്പർ വാങ്ങുന്നതിന് ഡി പി.സി.യുടെ പരിഗണനയ്ക്ക് സമർപ്പിച്ച് പർച്ചെയ്സ് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) കത്ത് പ്രകാരം സ്റ്റേഷനറി കൺട്രോളർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. 16.10.2023-ന് കൂടിയ വകുപ്പുതല പർച്ചേസ് കമ്മിറ്റി പ്രൊപ്പോസൽ പരിശോധിക്കുകയും ആയതിന് ശിപാർശ

നൽകുവാനും തീരുമാനിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ (ചുവടെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളത് പ്രകാരം) 2023-24 വർഷത്തേയ്ക്ക് സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾക്കും, അച്ചടിശാലകൾക്കും ആവശ്യമായ കടലാസുകൾ, എസ്.എസ്.എൽ.സി./ വി.എച്ച്.സി. എന്നീ പരീക്ഷകൾക്കാവശ്യമായ ഉത്തരക്കടലാസ് ബുക്കുകൾ എന്നിവയുടെ അച്ചടിയ്ക്കാവശ്യമായ പേപ്പറുകൾ L1 നിരക്കായ 1746.21 രൂപ/റീം അനുസരിച്ച് 15000 റീം മാപ്ലിത്തോ പേപ്പർ 75 ജി.എസ്.എം., ആർ എ1 വാങ്ങുമ്പോഴുള്ള ആകെ ചെലവ് (+5% ക്വാണ്ടിറ്റി ടോളറൻസോട്ടു കൂടി) 2,75,02,808/രൂപ (രണ്ടു കോടി എഴുപത്തിയഞ്ച് ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി എട്ട് രൂപ മാത്രം) സ്റ്റേഷനറി വകുപ്പിന്റെ 2058-00-101-99-24 മെറ്റീരിയൽസ് & സപ്ലൈസ് എന്ന ശീർഷകത്തിലെ നടപ്പ സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും ചെലവഴിച്ച് വാങ്ങുന്നതിനു സ്റ്റേഷനറി കൺട്രോളർ ക്കു പർച്ചേസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഇന വിവരണം | L1 ബിഡർ | തുക |
|---|---|---|
| Maplitho Paper 15000 cm ream 75 gsm RA1 | M/S Aaditiya Aswin Paper Mills Ltd, Coimbatore | 1746.21/-രൂപ റീം നിരക്കിൽ 15000 റീം മാപ്ലിത്തോ പേപ്പർ (75 GSM RA1)+5% ക്വാണ്ടിറ്റി ടോളറൻസോടെ ആകെ 2,75,02,808/- രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് കേരള), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ, കേരള), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്

അച്ചടി വകുപ്പ് ഡയറക്ടർ
സ്റ്റോഴ്സ് പർച്ചെയ്സ് (ബി) വകുപ്പ്
ഇൻഫോർമേഷൻസ് & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Bindu V K
Date: 31-10-2023 10:08:31
സെക്ഷൻ ഓഫീസർ